പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 193 | 12.6.2018 -ൽ മറുപടിയ്ക്ക്

## ടൂറിസം മാസ്റ്റർ പ്ലാൻ

| ചോദ്യം<br>ശ്രീമതി.യു. പ്രതിഭ ഹരി<br>ശ്രീ.എ. എൻ. ഷംസീർ<br>ശ്രീ.സി.കെ. ഹരീന്ദ്രൻ<br>ശ്രീ.യു. ആർ. പ്രദീപ് : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ മന്ത്രി) | |
|---|---|---|---|
| എ) | അടുത്ത മൂന്ന് വർഷം കൊണ്ട് കൂടുതൽ വിദേശ, ആഭ്യന്തര വിനോദസഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കാൻ ലക്ഷ്യമിട്ട് നടത്തി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | എ) | അടുത്ത മൂന്ന് വർഷം കൊണ്ട് കൂടുതൽ വിദേശ, ആഭ്യന്തര വിനോദസഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കാൻ നിരവധി പ്രവർത്തനങ്ങൾ നടത്തി വരുന്നു. 2021-ഓടെ ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണത്തിൽ 50% വും വിദേശ ടൂറിസ്റ്റുകളുടെ എണ്ണത്തിൽ നൂറു ശതമാനവും വർദ്ധനവ് വരുത്തുന്നതിനാണ് ലക്ഷ്യമിടുന്നത്. ഇതിനായി ടൂറിസം മാർക്കറ്റിംഗ് ലക്ഷ്യമിട്ട് വിവിധ വിദേശ രാജ്യങ്ങളിൽ പ്രചരണ പ്രവർത്തനങ്ങൾ നടത്തിക്കഴിഞ്ഞു. ടൂറിസം വകുപ്പ് പുതിയ ബ്രാന്റിംഗ് ആയ 'Come out and Play' ക്യാമ്പയിൻ തുടങ്ങി കഴിഞ്ഞു. ഓഫ് സീസൺ പ്രൊമോഷൻ ക്യാമ്പയിൻ ഇന്ത്യയിലെ സഞ്ചാരികളെ കേരളത്തിലേയ്ക്ക് ആകർഷിക്കാനായി ആരംഭിച്ചു കഴിഞ്ഞു. യാലാ കേരള ക്യാമ്പയിൻ, യൂറോപ്പ്, മിഡിൽ ഈസ്റ്റ്, സൗത്ത് ഈസ്റ്റ് ഏഷ്യ ക്യാമ്പയിൻ തുടങ്ങിയവ വിദേശ വിനോദസഞ്ചാരികളെ കേരളത്തിലേയ്ക്ക് ആകർഷിക്കാനായി നടത്തി വരുന്നുണ്ട്.<br>ഇന്ത്യയിലെ സഞ്ചാരികളെ പരമാവധി കേരളത്തിലേയ്ക്ക് എത്തിക്കാനായി വിവിധ സംസ്ഥാനങ്ങളിൽ പാർട്ട്ണർഷിപ്പ് മീറ്റ് സംഘടിപ്പിച്ചു വരുന്നുണ്ട്. ഇതിനു പുറമെ ടൂറിസം ട്രാവൽ/ട്രേഡ് രംഗത്തെ പ്രമുഖ കമ്പനികളായ TTF, IITM, ITM, SATTE, Holiday Expo, IITE, ABP എന്നിവർ നടത്തുന്ന പ്രമുഖ |

| | | | |
|---|---|---|---|
| | | | ട്രേഡ് ഫെയറുകളിലും നല്ല രീതിയിൽ പങ്കെടുത്ത് പ്രചരണ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. വിദേശ സഞ്ചാരികളെ ആകർഷിക്കാനായി പ്രമുഖ വിദേശ രാജ്യങ്ങളിൽ റോഡ് ഷോകൾ സംഘടിപ്പിക്കുകയും, പ്രമുഖ അന്താരാഷ്ട്ര ട്രേഡ് ഫെയറുകളിൽ നേരിട്ട് പങ്കെടുക്കുകയും ചെയ്യുന്നുണ്ട്.<br>ഫാം ടൂറിസം വഴിയും സംസ്ഥാനത്തെത്തുന്ന സഞ്ചാരികൾക്ക് മികച്ച യാത്രാനുഭവം പകർന്നു നൽകാൻ കഴിയുന്നുണ്ട്. മികച്ച ബ്ലോഗർമാരെ ഉൾപ്പെടുത്തി കേരള ബ്ലോഗ് എക്സ്പ്രസ് സംഘടിപ്പിക്കുക വഴി വിവിധ രാജ്യങ്ങളിൽ കേരള ടൂറിസത്തെക്കുറിച്ചും ഡെസ്റ്റിനേഷനുകളെ കുറിച്ചും നല്ല ചിത്രം അവതരിപ്പിക്കാൻ സാധിക്കുന്നുണ്ട്. കേരളത്തെ വിവാഹ/MICE ടൂറിസത്തിന്റെ ലക്ഷ്യസ്ഥാനമാക്കി വരും വർഷങ്ങളിൽ അവതരിപ്പിക്കും. നവ മാധ്യമങ്ങൾ വഴിയും വരും വർഷങ്ങളിൽ ടൂറിസം പ്രചരണം കൂടുതൽ ശക്തമാക്കും. മ്യൂസിക് ഫെസ്റ്റിവൽ, കളിനറി ഫെസ്റ്റിവൽ എന്നിവ നടത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ, യോഗ അംബാസഡർ ടൂർ പരിപാടിയെ പിൻതുണയ്ക്കുന്നതിനും വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. കൊച്ചി മുസിരിസ് ബിനാലെ ക്യാമ്പയിനും ഈ വർഷം നടക്കുന്നത് സംസ്ഥാന ടൂറിസത്തിന് വരും വർഷങ്ങളിൽ വളർച്ച ഉണ്ടാകാൻ ഇടയാക്കും.<br>കൂടാതെ, അടിസ്ഥാന സൗകര്യ വികസന പദ്ധതികളായ മുസിരിസ് ഹെറിറ്റേജ് പ്രോജക്ട്, തലശ്ശേരി ഹെറിറ്റേജ് പ്രോജക്ട്, മലനാട് മലബാർ റിവർ ക്രൂയിസ് പ്രോജക്ട്, ജഡായു പാറ, ആക്കുളം ടൂറിസ്റ്റ് വില്ലേജ്, മുടവൂർപ്പാറ പൈതൃക പദ്ധതി തുടങ്ങിയവയും നടപ്പിലാക്കി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| ബി) | വിനോദസഞ്ചാരികൾക്ക് ഗുണമേന്മയുള്ള സേവനം പ്രദാനം ചെയ്യുന്നതിന് വേണ്ട അടിസ്ഥാന സൗകര്യ വികസനം ആസൂത്രണം ചെയ്യുന്നതിന് ടൂറിസം മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | ബി) | സംസ്ഥാനത്തെ പ്രധാനപ്പെട്ട വിനോദ സഞ്ചാര കേന്ദ്രങ്ങളെ ഉൾപ്പെടുത്തി മാസ്റ്റർപ്ലാനുകൾ തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വിനോദ സഞ്ചാര സാധ്യതയുള്ള പ്രധാന മേഖലകളെ ഉൾപ്പെടുത്തിയാണ് മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുള്ളത്. ഇതിലൂടെ ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളുടെ സമഗ്രവും, സുസ്ഥിരവും പരിസ്ഥിതി സൗഹൃദപരവുമായ വികസനത്തിനു വേണ്ടിയുള്ള ആദ്യപടിയെന്ന നിലയിൽ മാസ്റ്റർപ്ലാനിനെ കണക്കാക്കാം.<br>നിലവിൽ കോവളം-പൂവ്വാർ ടൂറിസം കോറിഡോർ, കുമരകം, ഫോർട്ട് കൊച്ചി, തേക്കടി, നിലമ്പൂർ, കക്കയം-പെരുവണ്ണാമൂഴി, ഗോൾഡൻ വാലി (പൊന്മുടി), അഷ്ടമുടി, ആതിരപ്പള്ളി (കാലടി-മലയാറ്റൂർ-ആതിരപ്പള്ളി ടൂറിസം സർക്യൂട്ട്) സസ്റ്റ്റെയിനബിൾ ടൂറിസം ഡെവലപ്മെന്റ് മാസ്റ്റർ പ്ലാൻ ഫോർ നിള, കുമരകം മാസ്റ്റർപ്ലാൻ എന്നിവയുടെ മാസ്റ്റർപ്ലാനുകൾ തയ്യാറാക്കുന്ന നടപടി പൂർത്തീകരിച്ചു വരുന്നു.<br>ഇത് കൂടാതെ തലശ്ശേരി ഹെറിറ്റേജ് സർക്യൂട്ട് പദ്ധതി, ആലപ്പുഴ ഹെറിറ്റേജ് സർക്യൂട്ട് പദ്ധതി, മുസിരിസ് Phase II പദ്ധതി പ്ലാൻ എന്നിവയും തയ്യാറാക്കുന്ന നടപടി ത്വരിതഗതിയിൽ പൂർത്തീകരിച്ചു വരുന്നു. |
| സി) | പങ്കാളിത്ത പ്രക്രിയയിലൂടെ പ്രദേശവാസികളുടെയും വിനോദസഞ്ചാരത്തിന്റെയും വികസനം സാധ്യമാക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള പെപ്പർ ടൂറിസം പദ്ധതിയുടെ വിശദാംശം നൽകുമോ? | സി) | ഇൻഡ്യയിൽ ആദ്യമായി ജനപങ്കാളിത്തത്തോടെയുള്ള ഒരു ടൂറിസം ആസൂത്രണ പ്രക്രിയയാണിത്. ജന പങ്കാളിത്തത്തോടെ സംസ്ഥാന ടൂറിസം വകുപ്പ് നടപ്പിലാക്കി വരുന്ന ഈ പദ്ധതിയുടെ നടത്തിപ്പ് ചുമതല ഉത്തരവാദിത്ത ടൂറിസം മിഷനാണ്. ടൂറിസം വികസന പ്രക്രിയയിൽ പ്രാദേശിക ജനസമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പുവരുത്തുകയാണ് പെപ്പർ ടൂറിസം പദ്ധതിയുടെ ലക്ഷ്യം (PEPPER-People's Participatory Tourism Planning and Empowerment Through Responsible Tourism). തങ്ങളുടെ പ്രദേശത്ത് ടൂറിസം മേഖലയിൽ |

| | | | |
|---|---|---|---|
| | | | നടക്കേണ്ട പ്രവർത്തനങ്ങൾ തീരുമാനിക്കാൻ ജനങ്ങൾക്കും പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും പങ്കാളിത്തം നൽകുന്ന പദ്ധതിയാണിത്. പരീക്ഷണാടിസ്ഥാനത്തിൽ കോട്ടയം ജില്ലയിലെ വൈക്കത്താണ് ഇതിന് തുടക്കം കുറിച്ചിട്ടുള്ളത്. ഈ പദ്ധതിയുടെ ആദ്യഘട്ട പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു. 3 വർഷം കൊണ്ട് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**